## 2015 മേയ്, ജൂൺ, ജൂലൈ മാസങ്ങളിലേക്കുള്ള മരച്ചീനിയുടെ വില പ്രവചനം

## മരച്ചീനിയുടെ വില സ്ഥിരതയാർജ്ജിക്കാൻ സാധ്യത

ഉഷ്ണ മേഖലാ രാജ്യങ്ങളിൽ കൃഷി ചെയ്യുന്ന അന്നജപ്രധാനമായ കിഴങ്ങുവർഗ്ഗ വിള യാണ് മരച്ചീനി. അരിയും മക്കചോളവും കഴിഞ്ഞാൽ ഉഷ്ണമേഖല രാജ്യങ്ങളിലെ മുഖ്യ ഊർജ്ജസ്രോതസ്സാണ് മരച്ചീനി. 2014 ൽ ആഗോള മരച്ചീനി ഉല്പാദനം 291 ദശ ലക്ഷം ടൺ ആയിരുന്നു 2013ലേതിനേക്കാൾ 4.6 ശതമാനം കൂടുതലാണിത്. നൈജീരിയ ആണ് ലോകത്തിലെ ഏറ്റവും വലിയ മരച്ചീനി ഉല്പാദകരാജ്യം ആഗോളതലത്തിൽ മര ച്ചീനി കൃഷിചെയ്യുന്ന സ്ഥലത്തിന്റെ 18 ശതമാനവും ഉല്പാദനത്തിന്റെ 20 ശതമാനവും നൈജീരിയയുടെ സംഭാവനയാണ്. തായ്‌വാൻ ഉണക്ക കപ്പയുടെ ഏറ്റവും വലിയ കയ റ്റുമതി രാജ്യവും ചൈന ഇറക്കുമതി രാജ്യവുമാണ്. ഇന്ത്യ ലോകത്തിലെ പത്താമത്തേ യും ഏഷ്യയിലെ മൂന്നാമത്തേയും സ്ഥാനത്തുള്ള മരച്ചീനി ഉല്പാദക രാജ്യമാണ്. 2013-14 ൽ ഇന്ത്യയിൽ മരച്ചീനി 2.28 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുകയും 8.1 ദശലക്ഷം ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. രാജ്യത്തെ മരച്ചീനി കൃഷി വിസ്തൃതി യുടെ 93 ശതമാനവും ഉല്പാദനത്തിന്റെ 98 ശതമാനവും തമിഴ്നാട്,കേരള, ആന്ധ്രപ്രദേ ശ് എന്നീ മൂന്ന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലാണ്. കൃഷിസ്ഥലത്തിന്റെ വിസ്തൃതി യിലും ഉല്പാദനത്തിലും തമിഴ്നാട് ഒന്നാം സ്ഥാനത്തും, കേരളം രണ്ടാം സ്ഥാനത്തും ആണെന്ന് കണക്കാക്കപ്പെടുന്നു. 2013-14 ൽ രാജ്യത്തെ ആകെ മരച്ചീനി ഉല്പാദന ത്തിന്റെ 61 ശതമാനം തമിഴ്നാടും 31 ശതമാനം കേരളവുമാണ് സംഭാവന ചെയ്തത്. 2013-14 ൽ 67,589 ഹെക്ടർ സ്ഥലത്തായിരുന്നു കേരളത്തിൽ മരച്ചീനി കൃഷി. ഇതേ വർഷം കേരളത്തിലെ മരച്ചീനി ഉല്പാദനം 24.8 ലക്ഷം ടണ്ണായിരുന്നു. കേരളത്തിലെ മര ച്ചീനി കൃഷിസ്ഥല വിസ്തൃതിയുടെ 24 ശതമാനം കൊല്ലം ജില്ലയിലും 21 ശതമാനം തിരുവനന്തപുരം ജില്ലയിലുമാണ് 2014-15 വർഷം കേരളത്തിൽ 71074 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്യുമെന്നും ഉല്പാദനം 25.8 ലക്ഷം ടണ്ണായിരിക്കും എന്നും കണക്കാ ക്കപെടുന്നു. പച്ചക്കപ്പ, സ്റ്റാർച്ച്, സാഗോ, സാഗോ പിത്ത് തുടങ്ങിയ വിവിധ രൂപങ്ങളിൽ ഇന്ത്യ മരച്ചീനി കയറ്റുമതി ചെയ്യുന്നു. 2013-14ൽ ഇന്ത്യ 133.2 ദശലക്ഷം രൂപയ്ക്കുള്ള മര ച്ചീനി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു. 2014 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ കയറ്റുമതിയുടെ മൂല്യം 102.9 ദശലക്ഷം രൂപയായിരുന്നു.

കേരളത്തിൽ ഒരു ഭക്ഷ്യവിളയായി മരച്ചീനി വ്യാപകമായി കൃഷിചെയ്തുവരുന്നു. എന്നാൽ തമിഴ്നാട്ടിൽ സ്റ്റാർച്ച്, സാഗോ വ്യവസായങ്ങൾക്ക് വേണ്ടിയാണ് ഇതിന്റെ കൃഷി. ജൂലൈ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ തമിഴ്നാട്ടിൽ മരച്ചീനി ലഭ്യമാ ണ്. എന്നാൽ കിഴങ്ങുകളിൽ സ്റ്റാർച്ച് ഏറ്റവും കൂടുതൽ കാണപ്പെടുന്ന നവംബർ മുതൽ ഫെബ്രുവരി വരെയുള്ള ശീതകാല മാസങ്ങളിലാണ് തമിഴ്നാട്ടിൽ മരച്ചീനി ഏറ്റവും കൂടുതൽ വിളവെടുക്കുന്നത്. 2014 ൽ കേരളത്തിൽ മരച്ചീനിക്ക് നല്ല വില ലഭി ച്ചതിനാൽ മരച്ചീനി കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയിൽ ഗണ്യമായ വർദ്ധന

വുണ്ടായിട്ടുണ്ട്. അതിനാൽ ഈ വർഷം ഒരു ലക്ഷം ടണ്ണെങ്കിലും കൂടുതൽ മരച്ചീനി ഉല്പാദിപ്പിക്കപ്പെടുമെന്ന് കണക്കാക്കിയിരിക്കുന്നു. കാലം തെറ്റിയുള്ള മഴയും ഉയർന്ന ഉല്പാദനവും കാരണം മരച്ചീനിയുടെ നിർബന്ധിത വില്പനയ്ക്ക് കർഷകർ പ്രേരിതരായി. മരച്ചീനിയുടെ ചില്ലറ വില്പന വിലയിൽ ഈ സീസണിൽ കുറവുണ്ടായിട്ടുണ്ട്. 2014 ൽ മരച്ചീനിക്ക് കിലോഗ്രാമിന് 20-25 രൂപ വിലയുണ്ടായിരുന്നത് 2015 ന്റെ ആദ്യ മൂന്നു മാസങ്ങളിൽ കിലോഗ്രാമിന് 10-15 രൂപയായി കുറഞ്ഞു.

തിരുവനന്തപുരം ചാല മാർക്കറ്റിൽ 2015 ജനുവരിയിൽ മരച്ചീനിയുടെ വില കിലോഗ്രാമിന് 15 രൂപയായിരുന്നത് 2015 ഏപ്രിലിൽ കിലോഗ്രാമിന് 12 രൂപയായി കുറഞ്ഞു. എന്നാൽ കോഴിക്കോട് വിപണിയിൽ ഈ മാസങ്ങളിൽ വില കിലോഗ്രാമിന് 20 രൂപയായി സ്ഥിരതയാർജ്ജിച്ചു. എറണാകുളം വിപണിയിൽ മരച്ചീനിയുടെ ശരാശരി വില 2015 ജനുവരിയിൽ 12 രൂപയായിരുന്നത് 2015 ഏപ്രിലിൽ 8 രൂപയായി കുറഞ്ഞു. പുറമേ നിന്നുള്ള വരവ് കുറഞ്ഞതും വടക്കൻ ജില്ലകളിലെ ഉല്പാദനം കുറഞ്ഞതും കോഴിക്കോട് വിപണിയിൽ മരച്ചീനി വില സ്ഥിരതയാർജ്ജിച്ചു നിന്നതിന് കാരണമായി കരുതാവുന്നതാണ്.

മേയ്, ജൂൺ മാസങ്ങളിൽ മരച്ചീനി വില ഇതേ നിലയിൽ തുടരാനാണ് സാധ്യതയെന്ന് ഐ.സി.എ.ആർ നെറ്റ് വർക്ക് പ്രോജക്ട് ഓൺ മാർക്കറ്റ് ഇന്റലിജൻസ് വിലയിരുത്തുന്നു. കേരളത്തിലെ മൂന്ന് പ്രമുഖ മാർക്കറ്റുകളിൽ 2009 മുതലുള്ള പ്രതിമാസ വില എക്കണോമെട്രിക്ക് വിശകലന വിധേയമാക്കിയതിന്റേയും, വ്യാപാരികളുടെ ഇടയിൽ നടത്തിയ സർവ്വേയുടേയും അടിസ്ഥാനത്തിലാണ് ഈ പ്രവചനം. മുകളിൽ സൂചിപ്പിച്ച വിപണി സാഹചര്യങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഈ പ്രവചനം അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ മാറിയേക്കാമെന്നതിനാൽ ഇതെല്ലാം പരിഗണിച്ച് കർഷകർക്ക് വില്പന സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കാം.

പ്രവചിക്കപ്പെട്ട വിലയുടെ പരിധികൾ താഴെപറയുന്നു.

| മാസം | പ്രവചിക്കപ്പെട്ട വില (ഒരു കിലോഗ്രാമിന്) | | |
|---|---|---|---|
| | കോഴിക്കോട് | എറണാകുളം | ചാല-തിരുവനന്തപുരം |
| മെയ് 2015 | 19–21 | 9–11 | 11–13 |
| ജൂൺ 2015 | 19–21 | 9–11 | 11–13 |
| ജൂലൈ 2015 | 19–21 | 9–11 | 11–13 |

**റിസർച്ച് ടീം**
ഡോ: ജെസി തോമസ് കെ, ഡോ: അനിൽ കുരുവിള
ഡോ: ചിത്ര പാറയിൽ, ശ്രീ. വിനിൽ രവി & മിസ്. രോഹിണി.കെ.
ഐ.സി.എ. ആർ നെറ്റ് വർക്ക് പ്രൊജക്ട് ഓൺ മാർക്കറ്റ് ഇന്റലിജൻസ്
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര, കേരള കാർഷിക സർവകലാശാല, തൃശ്ശൂർ